നം:DIC/4300/2021-TC-T4

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
**വികാസ് ഭവൻ, തിരുവനന്തപുരം**
തീയതി: 02/06/2022

**<u>സർക്കുലർ</u>**

വിഷയം:- വ്യവസായം -ടി.സി വിഭാഗം – ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രൂപീകരിച്ചിട്ടുള്ള MSME Clinic ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന:- 25/10/2021 ലെ GO(Rt) No 1167/2021/ID ഉത്തരവ്

മേൽ സൂചന ഉത്തരവ് അനുസരിച്ച്, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ വരുന്ന സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. ബാങ്കിങ്, ജി.എസ്.ടി, നിയമം, അനുമതികളും ലൈസൻസുകളും, മാർക്കറ്റിങ്, ടെക്നോളജി, എക്സ്പോർട്ട്, DPR തയ്യാറാക്കൽ എന്നീ മേഖലകളിലെ വിദഗ്ധരെയാണ് പാനലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എം.എസ്.എം.ഇ ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജില്ലാതലങ്ങളിൽ ഇവയുടെ പ്രവർത്തനത്തിനു ഏകീകൃത സ്വഭാവം ലഭിക്കുന്നതിനുമായി താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നു.

**എം.എസ്.എം.ഇ ക്ലിനിക്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ**

1. മുകളിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള സംരംഭകരുടെ സംശയ നിവാരണത്തിനുള്ള അപേക്ഷകൾ ഓൺലൈനായി അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.
2. ഈ വിഷയങ്ങൾ ജനറൽ മാനേജർ പരിശോധിച്ച ശേഷം എം.എസ്.എം.ഈ ക്ലിനിക്ക് പാനലിന് കൈമാറേണ്ടതുണ്ടോ എന്ന് തീരുമാനം എടുക്കേണ്ടതാണ്.
3. വിവിധ സംരംഭകരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച ശേഷം ഓരോ വിഷയത്തിനുമുള്ള കൂടിക്കാഴ്ചകൾ അതാത് ജില്ലാ വ്യവസായ കേന്ദ്രം

ജനറൽ മാനേജർമാർ ഷെഡ്യൂൾ ചെയ്യേണ്ടതാണ്.

4. ഒന്നിലധികം മേഖലകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ സമർപ്പിക്കുന്ന സംരംഭകരുടെ ഓരോ അപേക്ഷയും ഓരോ വിഷയമായി കണക്കാക്കി അതാത് മേഖലകളിലെ പാനലിസ്റ്റുമായി കൂടിക്കാഴ്ച ക്രമീകരിക്കേണ്ടതാണ്.
5. ഓരോ വിഷയത്തിലുമുള്ള അപേക്ഷകളുടെ എണ്ണത്തിനനുസരിച്ച് ആഴ്ച തോറുമോ, രണ്ടാഴ്ചക്കൊരിക്കലോ മാസത്തിലൊരിക്കലോ പ്രസ്തുത വിഷയത്തിന്റെ കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യേണ്ടതാണ്.
6. ഒരു വിഷയവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം ഒന്നാണെങ്കിൽ പോലും മാസത്തിലൊരിക്കൽ സംരംഭകനുമായി വിഷയവിദഗ്ധന്റെ കൂടിക്കാഴ്ച്ച ഷെഡ്യൂൾ ചെയ്യേണ്ടതാണ്.
7. ക്രമീകരിക്കുന്ന കൂടിക്കാഴ്ചയുടെ ദിവസവും സമയവും കൃത്യമായി അപേക്ഷകനെയും വിഷയ വിദഗ്ധനെയും മുൻകൂട്ടി അറിയിക്കേണ്ടതാണ്. കൂടാതെ വിഷയവിദഗ്ധന് അപേക്ഷകന്റെ സംശയത്തെ സംബന്ധിക്കുന്ന വിവരണം കൂടി മുൻകൂട്ടി നൽകേണ്ടതാണ്.
8. അപേക്ഷകനും വിഷയ വിദഗ്ധനുമായുള്ള കൂടിക്കാഴ്ച നേരിട്ടോ ഓൺലൈൻ മുഖേനയോ ആകാവുന്നതാണ്. ഓൺലൈൻ മുഖേനയുള്ള കൂടിക്കാഴ്ച ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നിയന്ത്രണത്തിലായിരിക്കണം നടത്തേണ്ടത്. കൂടിക്കാഴ്ച നേരിട്ടുള്ളതാണെങ്കിൽ അത് ജില്ലാ വ്യവസായ കേന്ദ്രത്തിൽ വച്ച് നടത്തേണ്ടതുമാണ്.
9. കൂടിക്കാഴ്ച്ചയ്ക്ക് ശേഷം അപേക്ഷകന്റെ ഫീഡ് ബാക് ഓൺലൈനായി ശേഖരിക്കേണ്ടതാണ്.
10. ആദ്യം കൺസൾട്ട് ചെയ്ത വിഷയ വിദഗ്ധന്റെ സേവനം സംരംഭകന് തൃപ്തികരമല്ലാത്ത പക്ഷം അതേ മേഖലയിലെ മറ്റൊരു വിഷയ വിദഗ്ധനുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യാവുന്നതാണ്.
11. ഒരു ജില്ലയിൽ ലഭ്യമാകാത്ത വിദഗ്ധന്റെ സേവനം അടുത്ത ജില്ലകളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.
12. ഓരോ സിറ്റിങ്ങിനു ശേഷവും അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് വിഷയവിദഗ്ധന് പ്രതിഫലം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
13. ഒരു സംരംഭകന് ഒരു വിഷയത്തിൽ സേവനം നൽകുന്നതിന് ഒരു സിറ്റിങ്ങിന് 500 രൂപ നിരക്കിൽ ആയിരിക്കും പാനൽ അംഗങ്ങളുടെ പ്രതിഫലം.
14. ഒരു സംരംഭകന് ഒരു വിഷയ വിദഗ്ധനുമായി പരമാവധി 3 സിറ്റിംഗിന് വരെ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി ഓരോ സിറ്റിങ്ങിനും 500 രൂപാ നിരക്കിലുള്ള പ്രതിഫലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും നൽകേണ്ടതാണ്. എങ്കിലും ഒരു സംരംഭകന് വേണ്ടി സാമ്പത്തികവർഷം ചെലവാക്കാവുന്ന പരമാവധി തുക 5000 രൂപയായി നിജപ്പെടുത്തേണ്ടതുമാണ്.
15. പാനൽ അംഗങ്ങളുടെ കാലാവധി ഒരു സാമ്പത്തിക വർഷത്തേക്ക് ആയിരിക്കും. അംഗങ്ങളുടെ പ്രവർത്തനം പരിശോധിച്ച് അടുത്ത സാമ്പത്തിക വർഷത്തെ പാനൽ തയ്യാറാക്കാവുന്നതാണ്.

16. പാനലിസ്റ്റുകളുടെ പ്രവർത്തനം വിലയിരുത്താൻ സംരംഭകരിൽ നിന്ന് ശേഖരിക്കുന്ന ഫീഡ്ബാക്ക് ഉപയോഗിക്കേണ്ടതാണ്. സംരംഭകർക്ക് പാനലിസ്റ്റുകളുമായി കൂടിക്കാഴ്ച ക്രമീകരിക്കുമ്പോഴും അടുത്ത സാമ്പത്തിക വർഷത്തേക്ക് പാനൽ നിർണയിക്കുമ്പോഴും ഈ ഫീഡ്ബാക്ക് കൂടി അവലോകനം ചെയ്യേണ്ടതാണ്.
17. എം.എസ്.എം.ഇ ക്ലിനിക്ക്മായി ബന്ധപ്പെട്ട ചെലവുകൾ Capacity Building/Intensive Industrialisation Support Programme 2851-00-001-93 എന്ന ശീർഷകത്തിൽ നിന്നുമാണ് നടത്തേണ്ടത്.

S. HARIKISHORE IAS
DIRECTOR